(സി) പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടം പണിയുന്നതിന് സ്ഥലം കിട്ടിയത് സംബന്ധിച്ച രേഖകൾ എന്തെങ്കിലും ഉണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ഡി) സെൻട്രൽ യൂണിറ്റി സ്പോർട്ട് ക്ലബ്ബിന്റെ കൈവശം ഉണ്ടായിരുന്ന 15 സെന്റ് സ്ഥലത്തിന്റെ കുറേഭാഗം ക്ലബ്ബിന്റെ ലറ്റർപാഡിൽ എഴുതി കൊടുത്തിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത ഭൂമിയുടെ സർവ്വേ നമ്പർ എത്രയാണ്;

(എഫ്) വില്ലേജ് ഒഫീസിന്റെ സ്ഥലത്തിന്റെ സർവ്വേ നമ്പർ എത്രയാണ്;

(ജി) ഉതിനൂർ ദേവസ്വത്തിന്റെ ജന്മാവകാശമായിക്കിടക്കുന്ന പ്രസ്തുത ഭൂമിയിൽ കുറേ ഭാഗം ക്ലബ്ബിന്റെ പ്രവർത്തനത്തിനായി വിട്ടുകൊടുത്തിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) അല്ല.

(ബി) ഉതിനൂർ ദേവസ്വത്തിന്.

(സി) രേഖകൾ ലഭ്യമല്ല.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) റീസർവ്വേ നമ്പർ 154/2.

(ജി) ഇല്ല.

പുളക്കോട് വില്ലേജ് ആപ്പീസിന് പുതിയ കെട്ടിടം

30 [3201] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നമംഗലം മണ്ഡലത്തിലെ പാത്തമംഗലം പഞ്ചായത്തിലെ ചുമതിൽ സ്ഥിതിചെയ്യുന്ന പുളക്കോട് വില്ലേജ് ആഫീസ് കെട്ടിടം തകർന്ന് വീഴാറായ സ്ഥിതിയിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഈ പ്രവർത്തി എന്നാരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ കെട്ടിടത്തിന്റെ ടെറസ്സിലും ചുവരുകളിലും വിള്ളലുള്ളതായും ജനാലകൾക്ക് കേടുപാട് സംഭവിച്ചിട്ടുള്ളതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി ആന്റ് സി) അറ്റകുറ്റപ്പണികൾ ഉടനെ ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള ഹൈക്കോടതി ബഞ്ച്

31 [3202] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹൈക്കോടതിയുടെ ബഞ്ച് ഏതെങ്കിലും ജില്ലയിൽ സ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) തിരുവനന്തപുരത്ത് ഹൈക്കോടതിയുടെ ഒരു ബഞ്ച് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) ഇതിന്മേൽ ഹൈക്കോടതിയുടെ നിലപാട് എന്താണെന്ന് സംസ്ഥാന സർക്കാർ ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ അതിന്മേൽ ലഭിച്ച മറുപടി എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം, ഹൈക്കോടതിയിൽ സംസ്ഥാന സർക്കാരിന് വേണ്ടിയുള്ള കേസുകളിൽ രേഖകൾ നൽകുന്നതിനും മറ്റു ഔദ്യോഗിക നടപടികൾക്കുമായി സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥൻമാർ കൊച്ചിയിൽ എത്തുന്നതിലേക്കായി യാത്രപ്പടി ഇനത്തിൽ എന്തു തുക ചിലവഴിച്ചുവെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കേരള ഹൈക്കോടതിയുടെ ഒരു ബഞ്ച് തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട മുൻ ഹൈക്കോടതി ചീഫ് ജസ്റ്റീസ് തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുകയും തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നത് പൊതുതാൽപ്പര്യത്തിനോ നീതി നിർവ്വഹണത്തിനോ സഹായകരമല്ലെന്നും ആയതിനാൽ നിർദ്ദേശം ഉപേക്ഷിക്കണമെന്നും 2004 ജനുവരി 17-ലെ കത്തുപ്രകാരം ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly